# ഭാരതീയ മസ്ദൂർ സംഘം - പ്രഥമ സമ്മേളനം (ദൽഹി) 1967 ആഗസ്ത് 12-13

***(ഒന്നാം അഖില ഭാരതീയ സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യ ജനറൽ സെക്രട്ടറിയെന്ന നിലയിലുള്ള ഠേംഗഡിജിയുടെ പ്രേരണാദായകമായ പ്രസംഗം. പ്രസ്തുത സമ്മേളനം 1967 ആഗസ്ത് 12, 13 ലാണ് നടന്നത്. സമ്മേളന തിയതി 1967 ആഗസ്ത് 13-14 എന്നച്ചടിച്ചിട്ടുള്ളത് ശരിയല്ല.)***

നിങ്ങളിവിടെ 'ജോലി സമയം ക്രമീകരിക്കൂ' എന്ന ആവശ്യം ഉന്നയിക്കുമ്പോൾ ഭാരതീയ മസ്ദൂർ സംഘം നിങ്ങളിൽ നിന്നും കൂടുതൽ സമയം ആവശ്യപ്പെടുകയാണ്. സമ്മേളനത്തോടനുബന്ധിച്ച് തുടർച്ചയായി 12 മണിക്കൂർ വരെ എല്ലാവരും ഇവിടെ ജോലിയിൽ വ്യാപൃതരായി. ഇത് പരസ്പര വൈരുദ്ധ്യമുള്ളതാണെങ്കിലും നിങ്ങളുടെ സഹിഷ്ണുതയുടെ പരീക്ഷണമാവാനുള്ള പദ്ധതിയാണിവിടെ നടന്നത്.

ഇവിടെയെത്തിച്ചേർന്ന 2000 പ്രതിനിധികളോടുമുള്ള നന്ദി അറിയിക്കുന്നതിൽ എനിക്ക് വളരെ സങ്കോചമുണ്ട്. എന്തെന്നാൽ നിങ്ങളെല്ലാവരും ഭാ. മ സംഘത്തിനു വേണ്ടി ഒന്നിച്ച് ചേർന്നവരാണ്. ഭാ. മ സംഘം തീർത്തും നിങ്ങളുടേതാണ്. ശരി, നിങ്ങൾ ഭാ. മ സംഘത്തോട് കാട്ടിയ ഈ സ്നേഹവായ്പിനു എനിക്ക് ആദരവ് പ്രകടിപ്പിക്കാൻ കഴിയും. ഭഗവാൻ ഇന്ദ്രൻ രണ്ട് ദിവസമായി മഴ തടഞ്ഞ് നിർത്തിയതിനും ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. ദൽഹിയിലെ പ്രവർത്തകർ ഉത്സാഹഭരിതരായി എത്തിയിരിക്കുന്നു. ഞാൻ അവരുടെ ഉത്സാഹത്തിനെയും പ്രശംസിക്കുന്നു.

ഒരു സംഘടനയുടെ പ്രവർത്തനപദ്ധതി അതിന്റെ പേരിൽ നിന്നു തന്നെ വായിച്ചെടുക്കാനാവും. 'ഭാരതീയ' എന്ന വാക്ക് ഇതിന്റെ സ്വരൂപത്തെയും 'മസ്ദൂർ' എന്നത് ഇതിന്റെ കർമ്മക്ഷേത്രത്തെയും 'സംഘ്' എന്നത് ഇതിന്റെ ഭരണഘടനാനുസൃതമായ സംഘടനയെയും പ്രതിഫലിപ്പിക്കുന്നു. അതായത് ഭാ. മ സംഘം എന്ന പേര് തന്നെ ഇതിന്റെ വിവരണമാണ്.

നാം നമ്മുടെ മൗലികാവകാശങ്ങളിൽ തൊഴിലെടുക്കാനുള്ള അവകാശം (Right to work) ചേർക്കാൻ ആഗ്രഹിക്കുന്നു. 'തൊഴിലിനും ഭക്ഷത്തിനും' ഉറപ്പ് ലഭിക്കുന്നില്ലെങ്കിൽ തൊഴിലില്ലായ്മ ഇൻഷുറൻസ് (Unemployment Insurance) നടപ്പിൽ വരുത്തൂ; എന്നതാണ് നമ്മുടെ ആവശ്യം.

പഞ്ചവത്സര പദ്ധതിയിൽ തൊഴിൽ മുഖ്യ വിഷയമാവുകയും മറ്റുള്ളവയെ ആശ്രയിക്കാതെ സ്വതന്ത്രമാവുകയും വേണം. അർദ്ധ തൊഴിലില്ലായ്മയുടെ എണ്ണം കുറയ്ക്കേണ്ടതുണ്ട്. ഉത്പാദന പ്രക്രിയയുടെ വികേന്ദ്രീകരണം നടപ്പിലാക്കണം. കൃഷിയിടങ്ങളിൽ തൊഴിലില്ലാതാകുമ്പോൾ ഭാഗികമായി വീടുകളിൽ ചെറിയ വ്യവസായം നടത്തി തൊഴിൽ നേടാൻ സാധിക്കണം. തൊഴിലാളികളുടെ തൊഴിൽ വർദ്ധന മറ്റൊരു രൂപത്തിലും നടപ്പിൽ വരുത്താൻ കഴിയും. സഹകരണ സിദ്ധാന്തമനുസരിച്ച് തൊഴിലാളികളുടെ കൈയിൽ അവരുടെ വ്യവസായത്തിന്റെ ഉടമസ്ഥാവകാശം ഏല്പിച്ചുകൊടുക്കുക. (Labour co-operation)

എവിടെയെങ്കിലും വ്യവസായത്തിന്റെ സ്വഭാവമനുസരിച്ച് കേവലം തൊഴിലാളികളെ മാത്രം ഏല്പിക്കുവാൻ സാധിക്കാത്ത മറ്റ് പരസ്പരാശ്രിതങ്ങളായ വിഭാഗങ്ങൾക്ക് ഉടമസ്ഥാവകാശം നൽകുന്നത് ഉചിതമാവുന്ന അവസ്ഥയുണ്ടെങ്കിൽ അവിടെ ഉടമസ്ഥാവകാശം സംബന്ധിച്ച തീരുമാനമെടുക്കുമ്പോൾ തൊഴിലാളികളുടെ അഭിപ്രായവും കൂടി കണക്കിലെടുക്കേണ്ടതുണ്ട്. വ്യവസായത്തെ സംബന്ധിച്ച് തൊഴിലാളികൾക്കൊപ്പം ഭിന്ന വിഭാഗങ്ങളുടെ പ്രാതിനിധ്യം ബോർഡ് ഓഫ് മാനേജ്മെന്റിൽ നിക്ഷിപ്തമായ 'സ്വയംഭരണാവകാശമുള്ള വ്യവസായം' എന്നത് വ്യവസായവത്കരണത്തിന്റെ മൂന്നാമത്തെ രൂപമാണ്.

എല്ലാ വ്യവസായങ്ങളും ഇതുപോലെ തൊഴിലാളിവത്ക്കരിക്കുക എന്ന മൗലിക ധാരണ വച്ചുകൊണ്ടല്ല ഭാരതീയ തൊഴിലാളികൾ മുന്നോട്ട് വന്നിട്ടുള്ളത്.

പന്ത്രണ്ട് വർഷത്തിനിടയ്ക്ക് ഇത് ശുഭകരമായ സമാരംഭമാണ്. ഇതിന്റെ അഖില ഭാരതീയ സ്വരൂപം ഒരു ചരിത്ര ദൗത്യമാണ്. ഇത് തൊഴിൽ മേഖലയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കും. ഭാരതീയതയുടെ സന്ദേശം നൽകുന്ന ഒരേയൊരു തൊഴിലാളി പ്രസ്ഥാനമാണിത്. ഇത് നമുക്ക് അഭിമാന നിമിഷത്തോടൊപ്പം ഉത്തരവാദിത്വത്തിന്റെ വിളംബരം കൂടിയാണ്. ഈ കാര്യത്തിൽ നാമെല്ലാം ഒറ്റക്കെട്ടായി നിൽക്കണമെന്ന് ഞാനാഗ്രഹിക്കുന്നു.